# എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ പൂജപ്പുര
# തിരുവനന്തപുരം

P1-837/15/LBSITW

07.05.2025

## ലഘുദർഘാസ് / ലേല നോട്ടീസ്

എൽ.ബി.എസ്. സെന്ററിന്റെ ഉടമസ്ഥതയിലുള്ള ഇപ്പോൾ പൂജപ്പുരയിലുള്ള എൽ.ബി.എസ് വനിതാ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ്സിൽ നിർത്തിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ **KL 01AA 4688 അശോക് ലയലൻഡ് ബസ്സ്** നിലവിലുള്ള അവസ്ഥയിൽ ലേലം ചെയ്തു വിൽക്കുന്നതിന് മുദ്രവെച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി **14.05.2025 സമയം പകൽ 11 മണി,** നിരതദ്രവ്യം 5000/- രൂപ ആണ്

മുദ്രവെച്ച ക്വട്ടേഷൻ നിരതദ്രവ്യമുൾപ്പെടെ പ്രിൻസിപ്പൽ എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര എന്ന വിലാസത്തിൽ എഴുതി 14.05.2025 തീയ്യതി പകൽ 11 മണിക്ക് മുൻപായി ഏല്പിക്കേണ്ടതാണ്. 14.05.2025 പകൽ 2.30 മണിക്ക് എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ പൂജപ്പുര വെച്ച് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് WWW.lbt.ac.in/www.lbscentre.kerala.gov.in

ഫോൺ നമ്പർ. 0471 – 2349232

## നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുവാൻ താല്പര്യമുള്ള വ്യക്തികളുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവർ, പ്രിൻസിപ്പാൾ എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര എന്ന വിലാസം എഴുതി 14.05.2025 തീയ്യതി പകൽ 11 മണിക്ക് മുൻപായി എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ പൂജപ്പുര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ലേലം ചെയ്യുന്ന മേൽ പറഞ്ഞിരിക്കുന്ന ബസ്സ് കോളേജ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത് നേരിട്ട് പരിശോധിക്കാവുന്നതാണ്.

3. നിരതദ്രവ്യത്തുകയായി 5000/- രൂപ പ്രിൻസിപ്പാൾ എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്.

4 ക്വട്ടേഷൻ ലേല നടപടിക്രമങ്ങളുടെ കൂടെ തുറക്കുന്നതാണ്. കവറിനു പുറത്തു വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. മേൽ പറഞ്ഞ പ്രകാരം നിരതദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷൻ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6. പരസ്യ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിനു മുൻപ് നിരതദ്രവ്യ തുക 5000/- രൂപയും ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.

7. ഏറ്റവുംകൂടുതൽ തുക ലേലത്തിലൂടെയോ, ലേലത്തിന് മുൻപ് സമർപ്പിച്ച ക്വട്ടേഷനിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം പ്രിൻസിപ്പലിന്റെ അനുമതിയ്ക്കു വിധേയമായി ഉറപ്പിക്കുന്നതാണ് (ചരക്കു സേവന നികുതി 18%).

8. കോളേജ് ബസ്സിൻറെ കുടിശ്ശിക തുക മോട്ടോർ വാഹനവകുപ്പിനു ലേലം കൈക്കൊള്ളുന്ന വ്യക്തി അടച്ചുതീർത്തു രസീത് ഹാജരാക്കിയാൽ മാത്രമേ വാഹനം ലേലം ഉടമക്ക് വിട്ടുനല്കുകയുള്ളൂ.

9. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ അൻപത് ശതമാനം ഉടൻ തന്നെ ഓഫീസിൽ അടക്കേണ്ടതും രസീത് കൈപ്പറ്റേണ്ടതുമാണ്. ലേലം വഴിയോ, ക്വട്ടേഷൻ വഴിയോ ഏറ്റവും കൂടിയതുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ച രണ്ട് ദിവസത്തിനകം ലേലത്തുകയുടെ ബാക്കി തുക അടച്ച ശേഷം സാധനങ്ങൾ സ്വന്തം ചിലവിൽ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.

10. ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും താരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്നും വസൂലാക്കുന്നതാണ്. പ്രസ്തുത ലേലം രണ്ടാം സ്ഥാനക്കാരന് യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തി നൽകുന്നതല്ല. തുടർലേലത്തിലൂടെയോ, പുനർ ലേലത്തിലൂടെയോ മാത്രമായിരിക്കും ലേലം ഉറപ്പിക്കുക.

11. എൽ.ബി.എസ് സെന്റർ/കോളേജ് എന്നിവടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ തിരിച്ചറിയൽ രേഖ കരുതിയിരിക്കേണ്ടതാണ്.

12. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് കാരണമാകും.

13. ലേല നടപടി യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവെയ്ക്കുന്നതിനു പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

For പ്രിൻസിപ്പാൾ

ഇന്നാർക്ക്,

എൽ.ബി.എസ്.സെന്റർ & കോളേജ് വെബ് സൈറ്റ്/നോട്ടീസ് ബോർഡ്
വില്ലജ് ഓഫീസ് /കോർപറേഷൻ ഓഫീസ്
ഓഫീസ് കോപ്പി

LBS INSTITUTE OF TECHNOLOGY FOR WOMEN * THIRUVANANTHAPURAM *